(സി) സ്കീമുകൾക്കൊന്നും അംഗീകാരം നൽകിയിട്ടില്ല.

(ഡി) നാല് പ്രാവശ്യം.

(ഇ) തീരുമാനിച്ചിട്ടില്ല.

(എഫ്) ഗവൺമെന്റിന് വളരെയധികം സാമ്പത്തിക ബാദ്ധ്യതയുണ്ടാകാത്ത തരത്തിൽ വികസന പ്രക്രിയ വിജയകരമാകത്തക്ക സ്കീമുകൾ ലഭിച്ചിട്ടില്ല.

(ജി) ആക്ഷേപം ശരിയല്ല.

(എച്ച്) സ്കീമുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിശദമായി പരിശോധിച്ചതിന് ശേഷം മാത്രമേ എപ്പോൾ തുക മുഴുവനും ചെലവാക്കും എന്ന് പറയാൻ സാധിക്കൂ.

(ഐ) സ്കീമുകളുടെ നടത്തിപ്പിൽ നിന്നും ലഭിക്കുമെന്നുതന്നെയാണ് ഗവൺമെന്റ് കരുതുന്നത്. സ്കീമുകൾ വിജയപ്രദമായി നടപ്പിലാക്കിയെടുത്ത് പലിശയും മുതലും നൽകാമെന്നാണുദ്ദേശിക്കുന്നത്.

(ജെ) പലിശ അർദ്ധ വാർഷികമായാണ് നൽകുന്നത്. പ്രതിമാസം നൽകുന്ന പലിശ 5,59,87,875 രൂപയാണ്. 31-1-2001 വരെ മൊത്തം 71,55,15,507 രൂപ പലിശയായിട്ടുണ്ട്.

(കെ) ചെലവഴിച്ചിട്ടില്ല.

(എൽ) റോഡ് നിർമ്മാണം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യമാണ് എന്നാൽ പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർമാർക്ക് കുടിശ്ശിക ഈ നിധിയിൽ നിന്നും നൽകുവാൻ ഫണ്ട് ആക്ടിൽ വ്യവസ്ഥയില്ല.

(എം) ഉറപ്പ് നൽകിയിട്ടില്ല. വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് ഹൈക്കോടതിയിൽ മറുപടി നൽകിയിട്ടുണ്ട്.

(എൻ) ട്രഷറിയിലാണ് നിക്ഷേപിച്ചിട്ടുള്ളത്. 5-2-2001-ൽ ഈ നിധിയിലെ തുകയിൽ 4,56,18,89,975 രൂപ ബാലൻസുണ്ടായിരുന്നു.

തരിശുഭൂമി വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ പദ്ധതി

6 (*64) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തരിശുഭൂമി ഫലപ്രദമായി ഉപയോഗിക്കുന്നതിനായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം ഇക്കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് എത്ര ഹെക്ടർ തരിശുഭൂമി ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് പറയാമോ ;

(ഡി) സംസ്ഥാനത്ത് ഏറ്റവുമധികം തരിശുഭൂമിയുള്ള ജില്ല ഏതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ മുഴുവൻ തരിശുഭൂമിയും ഏറ്റെടുത്ത് വികസന പ്രവർത്തനത്തിനായി ഉപയോഗിക്കാൻ ഉദ്ദേശമുണ്ടോ ;

(എഫ്) സംസ്ഥാനത്തെ മുഴുവൻ തരിശുഭൂമിയും ഏറ്റെടുത്ത് ജനകീയാസൂത്രണ പദ്ധതി പ്രകാരം വികസന പ്രവർത്തനത്തിനായി വിനിയോഗിക്കാനുള്ള എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) ഉണ്ട്.

(ബി) പാലക്കാട്, കാസർഗോഡ്, കണ്ണൂർ ജില്ലകളുടെ തരിശുഭൂമി വികസനത്തിന്റെ പ്രോജക്ട് തയ്യാറാക്കി കേന്ദ്രസർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) ഉണ്ട്. ഏകദേശം 3,16,500 ഹെക്ടർ.

(ഡി) ഇടുക്കി.

(ഇ) ഇല്ല.

(എഫ്) നീർത്തടാധിഷ്ഠിത വികസന മാസ്റ്റർ പ്ലാൻ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും തയ്യാറാക്കി വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഭൂജല പരിപാലനത്തിനായുള്ള നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ രൂപം കൊടുക്കുന്നതാണ്.

പച്ചക്കറി ഉൽപാദനം

7 (*65) ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ടൺ പച്ചക്കറി ഉൽപ്പാദിപ്പിച്ചിരുന്നു ;

(ബി) ഊർജ്ജിത പച്ചക്കറി വികസന പരിപാടികളുടെ ഫലമായി കഴിഞ്ഞവർഷം സംസ്ഥാനത്ത് പച്ചക്കറിയുടെ ഉൽപ്പാദനം എത്ര ടണ്ണായിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly